G/4887/2019/V　　　　　　　　　　　　റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, വടകര

26/10/2019

പ്രേക്ഷിതൻ

റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ
വടകര

സ്വീകർത്താവ്

ജില്ലാ കലക്ടർ
കോഴിക്കോട്

**വിഷയം : സബ്‌വേയ്ക്കുള്ള അനുമതി സംബന്ധിച്ചുള്ള അന്വേഷണ റിപ്പോർട്ട്-സമർപ്പണം**

**സൂചന : താങ്കളുടെ ഓഫീസ് നമ്പർ DCKKD/9426/2019-N3 Dated 18/10/2019- ഇ മെയിൽ സന്ദേശം**

മേൽ സൂചനപ്രകാരം നിർദ്ദിഷ്ട റെയിൽവെ സബ്‌വേ സ്ഥലം 26/10/2019ന് താഴെ പറയുന്നവരുടെ സാനിദ്ധ്യത്തിൽ പരിശോധന നടത്തി.

1. ശ്രീ.എ കെ രാധാകൃഷ്ണൻ ആർ ടി ഒ, വടകര
2. ശ്രീ. പി എം മനോജ് സർക്കിൾ ഇൻസ്പെക്ടർ പോലീസ്
3. ശ്രീ കെ എം സുനിൽ കുമാർ എസ് ഐ ആർ പി എഫ്
4. ശ്രീ വിപിൻ കെ എം , എഇ വടകര മുനിസിപ്പാലിറ്റി
5. ശ്രീ.വ്യാസൻ പി പി, ഒന്നാം വാർഡ് കൗൺസിലർ, വടകര മുനിസിപ്പാലിറ്റി
6. ശ്രീ.ബിജു കൗൺസിലർ പാക്കയിൽ, വടകര മുനിസിപ്പാലിറ്റി

സൂചനയിൽ കൊടുത്തിട്ടുള്ള റെയിൽവെ ലെവൽ ക്രോസ് വീരഞ്ചേരിയിൽ നിന്നും ഏകദേശം ഒരു കി.മീ.അകലെ കുരിയാടി റോഡിൽ ആണ് ഉള്ളത്. ഇത് വടകര റെയിൽവേ സ്റ്റേഷനും നാദാപുരം റോഡ് റെയിൽവെ സ്റ്റേഷനും ഇടയിൽ ഉള്ള ലെവൽക്രോസ് എൽ സി ഗേറ്റ് നമ്പർ 214 ആണ്. ഈ റോഡിന്റെ വീതി ഏതാണ്ട് 4.3 മീ. ആണ്. ഇതിലൂടെ ബസ് ഗതാഗതം ഇല്ല. ചെറുവാഹനങ്ങൾ മാത്രമാണ് ഇതിലൂടെ കടന്നുപോകുന്നത്. വീരഞ്ചേരിയിൽ നിന്നും ഗേറ്റ് വരെ എത്താൻ ഈ റോഡ് ഉപയോഗിക്കാവുന്നതാണ്. കുരിയാടിയിലേക്ക് വടകര ടൗണിൽ നിന്നും കസ്റ്റംസ് റോഡ് വഴി എത്തുന്നതിനായി മറ്റ് രണ്ട് റോഡുകൾ കൂടിയുണ്ട്. ഈ റോഡുകളുടെ ചുമതല വടകര മുനിസിപ്പാലിറ്റിയുടെ അധികാരപരിധിയിലുള്ളതിനാൽ മുനിസിപ്പൽ കൗൺസിൽ യോഗം ചേർന്ന് തീരുമാനം എടുത്ത് അറിയിക്കാമെന്ന് വടകര മുനിസിപ്പൽ എഇ അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ അങ്ങയുടെ അറിവിലേക്കായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ

REGIONAL TRANSPORT OFFICE * VADAKARA *
Date:
Pin: 673 101

റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ
വടകര